(ബി&സി) സംസ്ഥാന സർക്കാരിന്റെ പ്രജനന നയം അനുസരിച്ച് ക്ഷീര സംഘങ്ങളൊഴികെ സർക്കാർ ഇതര ഏജൻസികളെക്കൊണ്ട് കൃത്രിമ ബീജദാനം നടപ്പിലാക്കുന്നില്ല. എന്നാൽ നയരൂപീകരണത്തിനു മുൻപ് കെ.എൽ.സി. ബോർഡിന്റെ കീഴിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൃത്രിമ ബീജദാന കേന്ദ്രങ്ങൾ തുടർന്നും പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

എം. എസ്സ്.സി ഡയറിയിംഗ് കോഴ്സ്

17(1814) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ കൗൺസിൽ ഓഫ് റിസേർച്ചിന്റെ കീഴിലുള്ള നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എം. എസ്സ്.സി. ഡയറിയിംഗ് കോഴ്സ് നടത്തുന്നതായി അറിവുണ്ടോ ;

(ബി) ഈ കോഴ്സിന്റെ 2000-2001 -ലെ ബാച്ചിൽ ഡയറി ഡിപ്പാർട്ട്മെന്റ് കാട്ടയിൽ സംസ്ഥാനത്തെ ഡയറി ഡിപ്പാർട്ട്മെന്റിൽനിന്നും ആർക്കെങ്കിലും പ്രവേശനം ലഭിച്ചതായി അറിവുണ്ടോ ;

(സി) എങ്കിൽ ഇവരുടെ പഠനകാലം സർവ്വീസ് കാലമായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കോഴ്സിന് ഡിപ്പാർട്ട്മെന്റൽ കാട്ടയില്ല. അതിനാൽ ഡിപ്പാർട്ട്മെന്റൽ കാട്ടയിൽ ആർക്കും അഡ്മിഷൻ ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കോഴിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം

18(1815) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ കുഴൂരിലെ കോഴിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഈ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ച് ഉൽപാദനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കുഴൂരിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ മൊത്തം 217.20 ലക്ഷം രൂപ മുടക്കി ഒരു കോഴിത്തീറ്റ ഫാക്ടറി നിർമ്മിക്കുവാൻ തീരുമാനിച്ചു. ഇതിൽ 140 ലക്ഷം രൂപ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായും ബാക്കിയുള്ള 77.20 ലക്ഷം രൂപ കേന്ദ്ര സംസ്ഥാനസർക്കാർ വിഹിതവുമായാണ് ഉദ്ദേശിച്ചിരുന്നത്. ഫാക്ടറി തുടങ്ങുന്നതിനായി കുഴൂരിൽ 5.15 ലക്ഷം രൂപയ്ക്ക് 5.2675 ഏക്കർ സ്ഥലം കോർപ്പറേഷൻ വാങ്ങുകയും കിറ്റ്കോയെ പ്രോജക്ടിന്റെ നടത്തിപ്പിന് കൺസൾട്ടന്റായി നിയമിക്കുകയും ഫാക്ടറിക്കാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ 141,21,815 രൂപയ്ക്ക് കോൺട്രാക്ടറെ ഏൽപ്പിക്കുകയുംചെയ്തു. ഈ ഫാക്ടറിക്കാവശ്യമുള്ള യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 36.10 ലക്ഷം രൂപയ്ക്കുള്ള ഓർഡർ 1996-ൽ നൽകി. ഇതിനിടയ്ക്ക് വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി ഇൻഡ്യൻ ബാങ്ക്, വൈശ്യാബാങ്ക്, ലോർഡ് കൃഷ്ണാ ബാങ്ക് എന്നീ സ്ഥാപനങ്ങളെ കോർപ്പറേഷൻ സമീപിച്ചെങ്കിലും ഒരു ധനകാര്യസ്ഥാപനത്തിൽ നിന്നും വായ്പ ലഭിച്ചില്ല. ഫെഡറൽ ബാങ്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി വായ്പ ലഭ്യമാക്കാമെന്ന് സമ്മതിച്ചുവെങ്കിലും പിന്നീട് അതിൽനിന്നും പിൻമാറി. ധനകാര്യസ്ഥാപനങ്ങളൊന്നും വായ്പ നൽകുവാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ ഗവൺമെന്റ് തലത്തിൽ ഉന്നതതലയോഗം ചേർന്ന് പ്രോജക്ട് നടത്തിപ്പ് നിർത്തിവയ്ക്കുവാൻ തീരുമാനിച്ചു. പൊതുമേഖലയിലെ കേരള ഫീഡ്സ് എന്ന കാലിത്തീറ്റ നിർമ്മാണ ഫാക്ടറിക്ക് ഏതാനും യന്ത്രസാമഗ്രികൾ കൂടുതൽ സജ്ജമാക്കുന്നത് വഴി കോഴിത്തീറ്റയും ഉൽപ്പാദിപ്പിക്കുവാൻ കഴിയും എന്ന വസ്തുത കണക്കിലെടുത്താണ് ഉന്നതതലയോഗം കണ്ണൂരിലെ കോഴിത്തീറ്റ നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ തീരുമാനിച്ചത്.

(സി) ഈ സ്ഥലവും ഭാഗികമായി പൂർത്തിയാക്കിയ കെട്ടിടങ്ങളും സർക്കാരിലോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിലോ കൈമാറ്റം ചെയ്യുകയോ കമ്പോള വിലയ്ക്ക് വിൽക്കുകയോ ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.

ടൂറിസം മേഖലയിൽ സഹകാര്യപങ്കാളിത്തം

19(1821) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകാര്യമേഖലയിൽ ടൂറിസം വികസനത്തിന് ഏതെല്ലാം പദ്ധതികൾക്ക് സഹായം നൽകാൻ സർക്കാരിന് സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച വിശദീകരണം നൽകുമോ ;

(സി) ഓരോ പദ്ധതിക്കും എത്ര തുക നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly